ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

പ്രാദേശിക വാർത്തകൾ

TIME: 06.30 PM DATE: 18.06.2026

## പ്രധാനവാർത്തകൾ

RNU TVPM

1. പിഎം വികസിത് ഭാരത് റോസ്ഗർ യോജനയ്ക്ക് കീഴിൽ 2,400 കോടിയോളം രൂപയുടെ ആനുകൂല്യങ്ങൾ പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ വിതരണം ചെയ്യും.

2. മുഖ്യമന്ത്രി വി ഡി സതീശൻ നയിക്കുന്ന യു ഡി എഫ് സർക്കാരിൻറെ ആദ്യ സംസ്ഥാന ബജറ്റ് നാളെ. ജനക്ഷേമ പ്രഖ്യാപനങ്ങൾക്ക് കാതോർത്ത് കേരളം.

3. ശബരിമല സ്വർണ അപഹരണ കേസിൽ പ്രത്യേക അന്വേഷണ സംഘം ഹൈക്കോടതിയിൽ റിപ്പോർട്ട് സമർപ്പിച്ചു.

4. നാല് ദിവസത്തെ സന്ദർശനത്തിനായി കേന്ദ്ര സഹമന്ത്രി കീർത്തി വർധൻ സിംഗ് ലക്ഷദ്വീപിൽ എത്തി. കേന്ദ്ര സർക്കാരിൻറെ വിവിധ പ്രചാരണ പരിപാടികളിൽ പങ്കെടുക്കും.

5. ദേശീയ ജന്തുരോഗ നിയന്ത്രണ പദ്ധതിയുടെ ഭാഗമായി കുളമ്പുരോഗ പ്രതിരോധ കുത്തിവെയ്പ്പിന് സംസ്ഥാനത്ത് നാളെ തുടക്കമാകും.

6. കേരളത്തിൽ ഇടിമിന്നലോട് കൂടിയ ഒറ്റപ്പെട്ട മഴയ്ക്ക് സാധ്യത. എറണാകുളം, തൃശൂർ ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത.

## വാർത്തകൾ വിശദമായി.......

### പി.എം- റോസ്ഗർ യോജന

പിഎം വികസിത് ഭാരത് റോസ്ഗർ യോജനയ്ക്ക് കീഴിൽ 2,400 കോടിയോളം രൂപയുടെ ആനുകൂല്യങ്ങൾ പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ ന്യൂഡൽഹിയിൽ വിതരണം ചെയ്യും. ദേശീയതല പരിപാടിയുടെ ഭാഗമായി എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ട് ഓർഗനൈസേഷൻ തിരുവനന്തപുരം റീജിയണൽ ഓഫീസിന്റെ ആഭിമുഖ്യത്തിൽ പാളയം കേരള സർവകലാശാല സെനറ്റ് ഹാളിൽ വൈകിട്ട് പരിപാടിസംഘടിപ്പിച്ചിട്ടുണ്ട്. ഇതിന് പുറമെ കൊല്ലം, കോട്ടയം, കൊച്ചി, കോഴിക്കോട്, കണ്ണൂർ എന്നിവിടങ്ങളിലും പ്രത്യേക പരിപാടികൾ നടക്കും.

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

RNU TVPM

### സംസ്ഥാന ബജറ്റ്

മുഖ്യമന്ത്രി വി ഡി സതീശൻ നയിക്കുന്ന യു ഡി എഫ് സർക്കാരിൻറെ ആദ്യ സംസ്ഥാന ബജറ്റ് നാളെ. നടപ്പ് സാമ്പത്തിക വർഷത്തേക്കുള്ള പുതുക്കിയ ബജറ്റ് ധനവകുപ്പിൻറെ ചുമതല കൂടി വഹിക്കുന്ന മുഖ്യമന്ത്രിനിയമസഭയിൽ അവതരിപ്പിക്കും. ഈ മാസം 22 മുതൽ സഭയിൽ ബജറ്റിന്മേലുള്ള പൊതുചർച്ച നടക്കും. അതെസമയം, സംസ്ഥാനത്തെ പകർച്ച വ്യാധി വ്യാപനത്തെ കുറിച്ച് നാളെ നിയമസഭയിൽ അടിയന്തര പ്രമേയത്തിന് നോട്ടീസ് നൽകുമെന്ന് ബിജെപി അംഗം ബി. ബി.ഗോപകുമാർ അറിയിച്ചു.

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

### പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ

സംസ്ഥാനത്ത് ആരോഗ്യ വകുപ്പിൻറെ നേതൃത്വത്തിൽ പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതം. വിവിധ ജില്ലകളിൽ നിപ, ഷിഗല്ല, മലേറിയ,ഡെങ്കിപനി തുടങ്ങിയ രോഗങ്ങൾ റിപ്പോർട്ട് ചെയ്ത സാഹചര്യത്തിലാണ് നടപടി. കോഴിക്കോട് മെഡിക്കൽ കോളേജിൽ

വെന്റിലേറ്ററിൽ ചികിത്സയിലുള്ള നിപ രോഗിയുടെ നില മാറ്റമില്ലാതെ തുടരുന്നു. അതെസമയം, സംസ്ഥാനത്ത് പ്രതിരോധ നടപടികളിൽ ഉണ്ടായ ജാഗ്രതക്കുറവാണ് പകർച്ചവ്യാധി വ്യാപനത്തിന് കാരണമെന്ന് പ്രതിപക്ഷനേതാവ് പിണറായി വിജയൻ ആരോപിച്ചു. ആരോഗ്യ മേഖലയിലെ പ്രതിരോധ പ്രവർത്തനങ്ങളിൽ ഏകോപനമില്ലെന്നും അദ്ദേഹം തിരുവനന്തപുരത്ത് വാർത്താസമ്മേളത്തിൽ പറഞ്ഞു.

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

## ശബരിമല സ്വർണാപഹരണ കേസ്

ശബരിമല സ്വർണാപഹരണ കേസുമായി ബന്ധപ്പെട്ട് പ്രത്യേക അന്വേഷണ സംഘത്തിൻറെ റിപ്പോർട്ട് ഹൈക്കോടതിയിൽ സമർപ്പിച്ചു.അന്വേഷണ ചുമതലയുള്ള എസ്. ശശിധരൻ നേരിട്ട് എത്തിയാണ് റിപ്പോർട്ട് സമർപ്പിച്ചത്. അന്വേഷണത്തിൻറെ ഭാഗമായി ശബരിമല പ്രഭാമണ്ഡലത്തിൽ നിന്ന് സാമ്പിൾ ശേഖരിച്ച വിവരം റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ട്.

RIUTVPM

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

## ഇഡി പരിശോധന- കൊല്ലം

സംസ്ഥാനത്ത് അവയവ ദാന തട്ടിപ്പുമായി ബന്ധപ്പെട്ട് കൊല്ലത്തും കോട്ടയത്തും എൻഫോഴ്സ് മെൻറ് ഡയറക്ട്രേറ്റ് ഇന്ന്പരിശോധന നടത്തി. ഇടനിലക്കാരുടെ വീടുകളിലാണ് റെയ്ഡ് നടന്നത്.

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

## വായന മഹോത്സവം

31-ാമത് ദേശീയ വായന മഹോത്സവത്തിനും ഒരു മാസം നീളുന്ന വായനാഘോഷങ്ങൾക്കും നാളെ തുടക്കമാകും. പരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനം രാവിലെ തിരുവനന്തപുരം കനകക്കുന്ന് കൊട്ടാരത്തിൽ മുഖ്യമന്ത്രി വി. ഡി. സതീശൻ നിർവഹിക്കും. 'വായനയാണ് വികസനം' എന്നതാണ് ഈ വർഷത്തെ പ്രമേയം. വായന ദിനത്തിന്റെ ഭാഗമായി നിയമസഭാ

ലൈബ്രറി റഫറൻസ് ഹാളിൽ സംഘടിപ്പിക്കുന്ന പുസ്തക പ്രദർശനം സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണൻ നാളെ ഉദ്ഘാടനം ചെയ്യും. ഈ മാസം 24 വരെയാണ് പ്രദർശനം.

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

## ശ്രീ നാരായണ ഗുരു ഓപ്പൺ യൂണിവേഴ്സിറ്റി

ശ്രീനാരായണ ഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയിൽ പരീക്ഷകൾ വൈകുന്നു, പഠന സാമഗ്രികൾ യഥാസമയം ലഭിക്കുന്നില്ല തുടങ്ങിയ ആരോപണങ്ങൾ വ്യാജമാണെന്ന് വൈസ് ചാൻസലർ ജഗതിരാജ്. യു.ജി.സി നിർത്തലാക്കിയ 'പ്രൈവെറ്റ് രജിസ്ട്രേഷൻ' സമ്പ്രദായം നിയമവിരുദ്ധമായി തിരികെ കൊണ്ടുവരാൻ ശ്രമിക്കുന്ന ചില സ്വകാര്യ വിദ്യാഭ്യാസ ഏജൻസികളാണ് ഇത്തരം വ്യാജപ്രചാരണങ്ങൾക്ക് പിന്നിലെന്ന് അദ്ദേഹം പറഞ്ഞു.

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

RNU TVPM

## കുളമ്പുരോഗ പ്രതിരോധ കുത്തിവെയ്പ്പ്

ദേശീയ ജന്തുരോഗ നിയന്ത്രണ പദ്ധതിയുടെ ഭാഗമായി കന്നുകാലികളിലെ കുളമ്പുരോഗ പ്രതിരോധ കുത്തിവെയ്പ്പിന് നാളെ സംസ്ഥാനത്തു തുടക്കമാകും. തിരുവനന്തപുരം കുടപ്പനക്കുന്ന് ലൈവ്സ്റ്റോക്ക് മാനേജ്മെന്റ് പരിശീലന കേന്ദ്രത്തിൽ മന്ത്രി ബിന്ദു കൃഷ്ണ ഉദ്ഘാടനം നിർവഹിക്കും. പ്രതിരോധ കുത്തിവെപ്പ് സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുന്ന ഭാരത് പശുധൻ പോർട്ടലിന്റെ പരിശീലന പരിപാടിയും നടക്കും. നാളെ മുതൽ ജൂലായ് 10 വരെ കർഷകരുടെ വീടുകളിൽ എത്തി 4 മാസത്തിനു മുകളിൽ പ്രായമുള്ള കന്നുകാലികൾക്കാണ് സൗജന്യ പ്രതിരോധ കുത്തിവെപ്പ് നൽകുന്നത്.

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

## പാലക്കാട്- ( ഇൻട്രോ)

പാലക്കാട് ജില്ലയിലെ കരിമ്പനകളെ സംരക്ഷിച്ചു നിലനിർത്താനുള്ള പദ്ധതിക്ക് ജില്ലാപഞ്ചായത്ത് രൂപം നൽകുന്നു. ജില്ലയുടെ ജൈവവൈവിധ്യ സംരക്ഷണം ലക്ഷ്യമിട്ടാണ് പദ്ധതി നടപ്പാക്കുന്നത്.

ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലി മുത്ത് തയ്യാറാക്കിയ റിപ്പോർട്ട്.....

( വോയിസ്..)

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

## പ്രത്യേക ബുള്ളറ്റിൻ

സംസ്ഥാന ബജറ്റിനോടനുബന്ധിച്ച് ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം നാളെ പ്രത്യേക വാർത്താ ബുള്ളറ്റിൻ പ്രക്ഷേപണം ചെയ്യും. രാവിലെ 11 മണിക്ക് 5 മിനിറ്റ് ദൈർഘ്യമുള്ള ബുള്ളറ്റിന് പുറമെ ഉച്ചയ്ക്ക് 12.30നും വൈകിട്ട് 6.30 നുമുള്ള പ്രാദേശിക വാർത്തകൾ 15 മിനിറ്റ് വീതമായിരിക്കും. രാത്രി 9.15 ന് സംസ്ഥാന ബജറ്റിനെ കുറിച്ചുള്ള പ്രത്യേക പരിപാടിയും പ്രക്ഷേപണം ചെയ്യും.

RNU TVPM

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

## കീർത്തി വർധൻ സിംഗ്- ലക്ഷദ്വീപ്

കേന്ദ്ര സഹമന്ത്രി കീർത്തി വർധൻ സിംഗ് നാല് ദിവസത്തെ സന്ദർശനത്തിനായി ലക്ഷദ്വീപിൽ എത്തി. അഗത്തി വിമാനത്താവളത്തിൽ എത്തിയ അദ്ദേഹത്തെ കളക്ടർ ശിവം ചന്ദ്ര, ഡപ്യൂട്ടി കലക്ടർ മൻദീപ് കുമാർ തുടങ്ങിയവർ ചേർന്ന് സ്വീകരിച്ചു. വികസിത് ഭാരത് സങ്കൽപ് സമ്മേളൻ, പ്രകൃതി പദയാത്ര തുടങ്ങിയ പ്രചാരണ പരിപാടികളിൽ അദ്ദേഹം പങ്കെടുക്കും.

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

## മഴ കേരളം

സംസ്ഥാനത്ത് ഇടിമിന്നലോട് കൂടിയ ഒറ്റപ്പെട്ട മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. എറണാകുളം, തൃശൂർ ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. പത്തനംതിട്ട, കോട്ടയം, ഇടുക്കി, പാലക്കാട്, മലപ്പുറം കോഴിക്കോട് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്.

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

## ചമ്പക്കുളം ജലോത്സവം ( ഇൻട്രോ)

**സംസ്ഥാനത്തെ ജലോത്സവങ്ങൾക്ക് തുടക്കം കുറിച്ച് ഈ മാസം 29 ന് ആലപ്പുഴ ചമ്പക്കുളം മൂലം ജലോത്സവം .**

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി ആലപ്പുഴ ജില്ലാ പ്രതിനിധി ആർ. രവികുമാർ.....**

(വോയിസ്..)

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

RNU TVPM

## യോഗ ദിനം -കേരളം

അന്താരാഷ്ട്ര യോഗ ദിനത്തിൻറെ സംസ്ഥാനതല ഉദ്ഘാടനം ഞായറാഴ്ച ആരോഗ്യമന്ത്രി കെ മുരളീധരൻ നിർവഹിക്കും. രാവിലെ 7 മണിക്ക് തിരുവനന്തപുരം ജിമ്മി ജോർജ് ഇൻഡോർ സ്റ്റേഡിയത്തിലാണ് പരിപാടി. യോഗ ദിനത്തോടനുബന്ധിച്ച് നാഷണൽ ആയുഷ് മിഷനു കീഴിലെ ആയുഷ് ക്ലബ് അംഗങ്ങളെ പങ്കെടുപ്പിച്ച് യോഗ ഡെമോൺസ്ട്രേഷനും ഒരുക്കും. വിവിധ ജില്ലകളിലും പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. "ആരോഗ്യകരമായ വാർദ്ധക്യത്തിന് യോഗ" എന്നതാണ് ഇത്തവണത്തെ പ്രമേയം.

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

## സെൻസസ് കേരളം

കേരളത്തിൽ സെൻസസ് 2027 ൻറെ ഭാഗമായി സെൽഫ് എന്യൂമറേഷൻ നടപടികൾ പുരോഗമിക്കുന്നു. ഈ മാസം അവസാനം വരെ നീളുന്ന സെൽഫ് എന്യൂമനേഷൻ കാലയളവിൽ പൊതുജനങ്ങൾക്ക് se.census.gov.in എന്ന പോർട്ടലിലൂടെ വിവരങ്ങൾ സമർപ്പിക്കാം. സെൽഫ് എന്യൂമറേഷന്റെ ഭാഗമായി കോഴിക്കോട് ജില്ലാ ഭരണകൂടത്തിന്റെ നേതൃത്വത്തിൽ കലക്ടറേറ്റിൽ ഹെൽപ് ഡെസ്ക് ആരംഭിച്ചു. ഓൺലൈനായി വിവരങ്ങൾ രേഖപ്പെടുത്താൻ ആവശ്യമായ സഹായം ഇവിടെ നിന്ന് ലഭിക്കും.

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

## ലോകകപ്പ് ഫുട്ബോൾ

ഫിഫ ലോകകപ്പ് ഫുട്ബാളിൽ ചെക് റിപ്പബ്ലിക്, ദക്ഷിണാഫ്രിക്ക പോരാട്ടം ഇന്ന് രാത്രി 9.30 ന് നടക്കും. രാത്രി 12.30 ന് നടക്കുന്ന മറ്റൊരു മത്സരത്തിൽ സ്വിറ്റ്സെർലാന്റ്, ബോസ്നിയ - ഹെർസെഗോവിനയെ നേരിടും.

RNU TVPM

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

## യുഎഇ നിരോധനം

പതിനഞ്ച് വയസ്സിൽ താഴെയുള്ള കുട്ടികൾ സാമൂഹിക മാധ്യമങ്ങൾ ഉപയോഗിക്കുന്നത് യുഎഇ ഭരണകൂടം നിരോധിച്ചു. പുതിയ നിയന്ത്രണത്തിന് യുഎഇ മന്ത്രിസഭ അംഗീകാരം നൽകി. ഡിജിറ്റൽ മേഖലയിൽ കുട്ടികളുടെ സംരക്ഷണം ഉറപ്പാക്കുകയാണ് ലക്ഷ്യം.